**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1976. 16.06.2014 ൽ മറുപടിയ്ക്ക്.

<u>പൊന്നാനിയിലേക്കുള്ള ബസുകളുടെ പുനഃക്രമീകരണം</u>

| | ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഗുരുവായൂർ, കുന്നംകുളം, എന്നിവിടങ്ങളിൽ നിന്നും സംസ്ഥാനപാതയിലൂടെ ആൽത്തറ വഴി പോകുന്ന പൊന്നാനി ബസുകൾ പൊന്നാനി സ്റ്റാന്റിലേക്ക് പോകാതെ കുണ്ടുകടവ് ജംഗ്ഷനിൽ യാത്ര അവസാനിപ്പിക്കുന്നത്മൂലം കോടതി, സിവിൽ സ്റ്റേഷൻ എം.ഇ.എസ്. കോളേജ്, അഞ്ച് ഹൈസ്കൂളുകൾ എന്നിവിടങ്ങളിലേക്കുള്ള യാത്രക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | എല്ലാ ബസുകൾക്കും പൊന്നാനി സ്റ്റാന്റ് വരെ പോകുന്നതിന് നിർദ്ദേശം കൊടുക്കുമോ ; | (ബി) & (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഒന്നും തന്നെ കുണ്ടുകടവ് ജംഗ്ഷനിൽ യാത്ര അവസാനിപ്പിക്കുന്നില്ല. കെ.എസ്.ആർ. ടി.സി. ബസ്സുകൾ പ്രൈവറ്റ് ബസ് സ്റ്റാൻഡു വഴി പൊന്നാനി ഡിപ്പോയിലേക്ക് സർവ്വീസ് നടത്തുന്നുണ്ട്. കുണ്ടുകടവ് പൊന്നാനി റൂട്ട് കോട്ടയം - കോഴിക്കോട് നാഷണലൈസ്ഡ് റൂട്ടിന്റെ ഭാഗമായതിനാൽ സ്വകാര്യ ബസുകളുടെ പെർമിറ്റ് പൊന്നാനി സ്റ്റാന്റ് വരെ ദീർഘിപ്പിച്ച് നൽകാൻ നിർവ്വാഹമില്ല. |
| (സി) | നിലവിലുള്ള കുണ്ടുകടവ് ജംഗ്ഷൻ പെർമിറ്റുകൾ പൊന്നാനി സ്റ്റാന്റ്വരെ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.